# ആത്മാവില്ലാത്ത പത്രപ്രവർത്തനം

ഡി. പ്രദീപ് കുമാർ

*എന്താണ് നാൾ?*
*ഇഷ്ടപ്പെട്ട വേഷം?*
*വളയൊന്നുമിടാറില്ലേ?*
*പടം എടുക്കാനായി വളയിടാമോ?*
*സ്വർണ്ണം ഇഷ്ടമല്ലേ?*

'മലയാള മനോരമ' ജൂലൈ 15ന് പ്രസിദ്ധീകരിച്ച സുദീർഘമായ ഒരു അഭിമുഖത്തിൽ നിന്നാണ് ഈ ചോദ്യങ്ങൾ. ഒരു ഫാഷൻ മോഡലോ സിനിമാ താരമോ അല്ല ഈ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ അഭിമുഖകാരൻ വർഗ്ഗീസ് തോമസിനു മുന്നിലിരുന്നത്. 42 ദിവസങ്ങളോളം നീണ്ട ക്രൂരമായ ലൈംഗിക പീഡനങ്ങൾക്കിരയായ സൂര്യനെല്ലിയിലെ പെൺകുട്ടിയോടായിരുന്നു ഈ ചോദ്യങ്ങൾ. അഡ്വ: ധർമ്മരാജനെ ജീവപര്യന്തം തടവിന് ശിക്ഷിച്ച ദിവസം രാവിലെയായിരുന്നു ആ പെൺകുട്ടിയുടെ വീട്ടിൽ ഫോട്ടോഗ്രാഫറുമായി ലേഖകൻ എത്തിയത്. ചില എഡിഷനുകളിൽ വളയിട്ടു നിൽക്കുന്ന, മുഖം വ്യക്തമാകാത്ത പെൺകുട്ടിയുടെ ചിത്രവുമുണ്ട്. കോട്ടയം പതിപ്പിൽ ക്യാമ്പസ് പേജിലാണ് ഇത് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

നമ്മുടെ പത്രപ്രവർത്തനം എത്രമാത്രം മലീമസമായി എന്ന് വിശദീകരണങ്ങളൊന്നുമില്ലാതെ ഈ അശ്ലീല രചന നമ്മെ ബോദ്ധ്യപ്പെടുത്തുന്നുണ്ട്. 'പൈങ്കിളി', 'സൂപ്പർ പൈങ്കിളി' എന്നൊക്കെ വിശേഷിപ്പിക്കാവുന്ന കാമ്പില്ലാ കഥകൾ കുത്തിനിറച്ചിറക്കുന്നതിൽ നമ്മുടെ പ്രമുഖ പത്രങ്ങൾ മത്സരിക്കുകയാണ്. ആദ്യം വായനക്കാർക്ക് ഇൻഷ്വറൻസ്, അതിന് നിരോധനം വന്നപ്പോൾ പ്രോഫിറ്റ് കാർഡ്, ഡിസ്കൗണ്ട് സ്കീം, നറുക്കെടുപ്പ്, പ്രവചനമത്സരം എന്ന് തുടങ്ങി സാക്ഷാൽ മണിചെയിൻ മാതൃകയിലുള്ള ദീപിക 'ന്യൂസ് വെ' വരെയുള്ള എന്തെന്ത് തരികിടകൾ. 'ദാ ഞങ്ങളുടെ പത്രത്തിന്റെ വരിക്കാരാകൂ...... കൂടുതൽ ലാഭം കൊയ്യൂ... സമ്മാനങ്ങൾ വാരിക്കൂട്ടൂ..... പണമുണ്ടാക്കൂ.......... എന്നൊക്കെ ഉളുപ്പേതുമില്ലാതെ പരസ്യം ചെയ്യുകയാണ് നമ്മുടെ പത്രങ്ങൾ.

സ്വകാര്യസ്ഥാപനങ്ങളുമായി ചേർന്ന് നടത്തുന്ന കൂട്ടുകൃഷി പത്രങ്ങളുടെ നിലവാരത്തെ സാരമായി ബാധിച്ചിരിക്കുന്നു. ലോകകപ്പ് പ്രവചന മത്സര 'വാർത്ത'കൾക്ക് പത്രങ്ങൾ നൽകിയ അമിതപ്രചാരണം തന്നെ ഉദാഹരണം. വിലയേറിയ എത്രയോ പത്രസ്ഥലം വാർത്തേതരമായ പരസ്യതന്ത്രങ്ങൾക്ക് ഇവർ ഉപയോഗിച്ചു വ്യവസായ-വാണിജ്യ പേജുകളും, മിക്കപ്പോഴും പ്രാദേശിക പേജുകൾ കൂടി, സ്വകാര്യസ്ഥാപനങ്ങളുടെ പരസ്യത്തിന് (വാർത്തയെന്ന ലേബലൊട്ടിച്ച്) ദുരുപയോഗം ചെയ്യാറുണ്ട്. എന്തിന് പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ പോലും മുൻപ് പുലർത്തിയിരുന്ന ധാർമ്മികത കൈവിട്ടിരിക്കുന്നു. അത്ഭുത മരുന്നുകളുടെയും, ദിവ്യ മോതിരങ്ങളുടെയും, ഏലസ്സുകളുടെയും, രത്നങ്ങളുടെയും, മനുഷ്യദൈവങ്ങളുടെയും എത്രയെത്ര പരസ്യങ്ങൾ വെറും പണക്കൊതി മാത്രം ലക്ഷ്യമാക്കി ഇവർ പ്രസിദ്ധീകരിക്കുന്നു. പണ്ട്, മദ്യത്തിന്റെയും, പുകയില ഉൽപ്പന്നങ്ങളുടെയും പരസ്യം പ്രസിദ്ധീകരിക്കാതിരുന്ന മാതൃഭൂമി പോലും നയം മാറ്റി.

കാലം കഴിച്ചുമൂടിയ ആചാരാനുഷ്ഠാനങ്ങളും, അന്ധവിശ്വാസങ്ങളും വരെ ചികഞ്ഞെടുത്ത് 'മാർക്കറ്റബിൾ കമോഡിറ്റി' ആക്കാമെന്ന് 'മലയാള മനോരമ' തെളിയിച്ചു കഴിഞ്ഞു. ക്ലാസിഫൈഡ് പരസ്യ പേജിൽ പ്രതിദിന നക്ഷത്രഫലം, വൈവാഹികപംക്തിയിൽ വിവാഹപ്പൊരുത്തം എന്നു തുടങ്ങി വിദ്യാരംഭത്തിനും ജന്മദിനത്തിനുമൊക്കെ ആശംസാ പരസ്യങ്ങൾ വരെ നീളുന്ന വിവിധ മേഖലകൾ അവർ വെട്ടിത്തുറന്നിരിക്കുന്നു. 'വാലന്റൈൻസ് ഡെ', 'പെറ്റ്സ് ഡെ' എന്നിങ്ങനെയുള്ള തനി വിദേശ ആഘോഷങ്ങളും ഇറക്കുമതി ചെയ്ത് കാശുണ്ടാക്കിക്കൊണ്ടിരിക്കുകയാണ് പത്രമുത്തശ്ശി. ഈ രംഗത്ത് അപ്പടി അനുകരിക്കാവുന്നതും, അനന്തസാദ്ധ്യതകളുള്ളതുമായ പുതിയ ഒന്നാന്തരമൊരു പരീക്ഷണം അടുത്തിടെ 'മംഗളം' നടത്തി. ലീഡറിന്റെ ശതാഭിഷേക സപ്ലിമെന്റിൽ അദ്ദേഹത്തിന് ആയുരാരോഗ്യങ്ങൾ നേർന്നുകൊണ്ടുള്ള ആശംസാപരസ്യങ്ങളാണ് ഈ രംഗത്തെ ഏറ്റവും പുതിയ കണ്ടുപിടുത്തം. എം.എൽ.എമാരായ മാലേത്ത് സരളാദേവി, എ.ഡി.മുസ്തഫ മുതൽ എത്രയെത്ര പേരാണ് ലീഡർക്ക് ആശംസ ചൊരിയാൻ മുന്നോട്ട് വന്നത്. ഇനി പത്മജയുടെയും, മുരളിയുടെയും ജന്മദിനത്തിന്, അവരുടെ കുട്ടികളുടെ പിറന്നാളിന്, എ.കെ. ആന്റണിയുടെയും, വയലാർ രവിയുടെയും പിറന്നാളിന്.... ആശംസാ പരസ്യമേഖല വിപുലീകരിക്കാവുന്നതാണ്. ഡോ: ആറ്റുകാൽ രാധാകൃഷ്ണന്റെയും, അരുൾവാക്ക് സ്വാമിയുടെയും മറ്റും 'ധന ആകർഷണ ഭൈരവയന്ത്ര' പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിനേക്കാളും അപകടരഹിതവും, 'ജനോപകാരപ്രദ'വുമാണ് ഇവ.

എന്തായാലും, ജനങ്ങളെ സത്യസന്ധമായി കാര്യങ്ങൾ അറിയിച്ച്, പ്രബുദ്ധരാക്കുക തങ്ങളുടെ ലക്ഷ്യമല്ലെന്ന് ഇതിനകം വ്യക്തമാക്കിക്കഴിഞ്ഞിരിക്കുകയാണ് ഈ പത്രങ്ങൾ. അതു കൊണ്ടുതന്നെയാണ് ബാങ്ക ടെസ്റ്റുകളുടെയും മറ്റും മാതൃകയിൽ എഴുത്തുപരീക്ഷ നടത്തി, അഭിമുഖവും, ത്രിതല അന്വേഷണങ്ങളും നടത്തി, യാതൊരുവിധ സാമൂഹ്യ പ്രതിബദ്ധതയും സാമൂഹ്യസാക്ഷരതയും ഇല്ലെന്ന് ഉറപ്പുള്ളവരെ മാത്രം ഇവർ പത്രപ്രവർത്തക പരിശീലനത്തിന് തിരഞ്ഞെടുക്കുന്നത്. ഇക്കാരണത്താലാണ് കഴിഞ്ഞ അഞ്ചുവർഷത്തിനകം 'മലയാള മനോരമ'യിലോ 'മാതൃഭൂമി'യിലോ നവ ജേർണലിസ്റ്റുകളുടെ, ആഴത്തിലുള്ള ഒരൊറ്റ രാഷ്ട്രീയാപഗ്രഥനങ്ങളും പ്രസിദ്ധീകരിക്കപ്പെടാതിരിക്കുന്നത്. കേരളത്തിലെ മുഴുവൻ മന്ത്രിമാരുടെ പോലും പേരുകൾ അറിയാവുന്ന യുവപത്രപ്രവർത്തകർ വിരലിലെണ്ണാവുന്നവരേയുള്ളൂ. പിന്നല്ലേ, രാഷ്ട്രീയ-സാമൂഹ്യ വിഷയങ്ങളെക്കുറിച്ചുള്ള അപഗ്രഥനങ്ങൾ?

ജീവിത പരിതസ്ഥിതികളെക്കുറിച്ച് അജ്ഞരായ ചെത്തുകുട്ടന്മാരാണ് റിപ്പോർട്ടിങ്ങിലും, ന്യൂസ് ഡെസ്കുകളിലും വിലസുന്നവർ. അതുകൊണ്ടാണ് സൂര്യനെല്ലിയിലെ പെൺകുട്ടിയോട് ചൊറിയുന്ന കിന്നാരം ചോദിക്കാൻ ധൈര്യപ്പെട്ടതും, അത് അച്ചടിച്ചു വരുന്നതും.

ഇത് 'മലയാള മനോരമ' തുടങ്ങിയിട്ട് കാലമേറെയായി. നിസ്സഹായരും, പീഡിതരുമായ സ്ത്രീകളെയിട്ട് അമ്മാനമാടുന്നതിന് ചാരക്കേസു തന്നെ മറ്റൊരുദാഹരണം. കരുണാകരനെ സ്ഥാനഭ്രഷ്ടനാക്കാൻ നടത്തിയ ദുരുപദിഷ്ടമായ നീക്കത്തിൽ, പാവപ്പെട്ട രണ്ട് മാലി വനിതകളെ 'മലയാള മനോരമ'യും, 'ദേശാഭിമാനി'യും, 'കേരള കൗമുദി'യും ചേർന്ന് അതിക്രൂരമായി പീഡിപ്പിച്ചത് മറക്കാറായിട്ടില്ല. മാലിയിൽ പോയി, മറിയം റഷീദയുടെ ഭർത്താവിനോട് അപവാദകഥ പറഞ്ഞ് കുടുംബം കലക്കിയ ജോൺ മുണ്ടക്കയം എന്ന ഇൻവെസ്റ്റിഗേറ്റീവ് ജേർണലിസ്റ്റിന് അന്ന് മാനേജ്മെന്റ് ആ ആഴ്ചയിലെ ഏറ്റവും നല്ല സ്കൂപ്പിനുള്ള കാഷ് അവാർഡ് നൽകിയിരിക്കും. അത്തരക്കാർ താക്കോൽ സ്ഥാനങ്ങളിലിരിക്കുന്ന ഒരു പത്രത്തിൽ, പീഡിപ്പിക്കപ്പെട്ട പെൺകുട്ടികളുടെ ലൈംഗികാനുഭവങ്ങൾ കൂടി വന്നു കൂടായ്കയില്ല. ,